കേച്ചേരിയൻസ് ഭരണഘടന FINAL
തയ്യാറാക്കിയതും ഇതിന് പിന്നിൽ പ്രവർത്തിച്ച കമ്മിറ്റിയും...
1. അനിൽ കുമാർ
4. ഷറഫുദ്ധീൻ വലിയകത്ത്
2. ഷെഹീം അഹമ്മദ്
3. റജൂബ്
4.റഷി

നിലവിൽ വരുന്നത് ..../ - / _ / 2019 മുതൽ

*സമർപ്പണം*

യൗവ്വനവും സ്വപ്നങ്ങളും അന്യനാടുകളിലെ തീയ്യിലുരുക്കി ജീവിക്കുന്ന ലോകത്തിലുള്ള
എല്ലാ കേച്ചേരിയ്ൻസ് കൂടെപ്പിറപ്പുകൾക്കും
ലോകത്തിലുള്ള എല്ലാ കേച്ചേരിക്കാരെയും
ഒറ്റ നൂലിൽ കോർക്കുക എന്ന മഹത്തായ
ആശയ സാക്ഷാത്ക്കാരം സ്വപ്നം കാണുന്ന ലോക കേച്ചേരിയൻസിനും വേണ്ടി സമ
ർപ്പിക്കുന്നു.

*ആമുഖം*

*1.ഈ ഭരണഘടനയും ഇത് പ്രകാരം നിലവിൽ വരുന്ന സംഘടനയും സംഘടന എടുക്കുന്ന ഓരോ തീരുമാനങ്ങളും നടപ്പിലാക്കുന്ന ഓരോ കാര്യപരിപാടികളും  യു എ ഇ യുടെ നിയമങ്ങൾക്കനുസൃതമായിരിക്കും.*

*2. ഈ ഭരണഘടനയുടെ വെളിച്ചത്തിൽ എടുക്കുന്ന തീരുമാനങ്ങളും പ്രവർത്തനങ്ങളും ഭാവിയിൽ തർക്കവിഷയമായി തീർന്നാൽ  യു എ ഇ യുടെ  നിയമങ്ങൾക്കനുസൃതമായി അവയിൻമേൽ പരിഹാരം നിർദ്ധേശിക്കാനുള്ള അധികാരം സംഘടനയുടെ കോർ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.*

*3. ഈ ഭരണഘടനയും സംഘടനയും ഏതെങ്കിലും മത സാമുദായിക സംഘടനയോടോ രാഷ്ട്രീയ പാർട്ടിയോടോ പ്രത്യേക വിധേയത്വമോ വിരോധമോ അനുഭാവമോ നീരസമോ പ്രതിബദ്ധതയോ ഇല്ലാത്തതും ചിന്താഗതികൾക്ക് അതീതവുമായിരിക്കും.*

*4. സംഘടനയുടെ വിശാലമായ ഉദ്ദേശലക്ഷ്യങ്ങൾക്ക് വേണ്ടി ഭരണഘടനയിൽ ഏതെങ്കിലും പുതിയ വകുപ്പോ ഉപവകുപ്പുകളോ ഭാവിയിൽ* *കൂട്ടിച്ചേർക്കണമെന്ന് ബോധ്യപ്പെടുന്ന പക്ഷം അങ്ങിനെ ചെയ്യാൻ ജനറൽബോഡിയുടെ അംഗീകാരത്തോടെ ചെയ്യാവുന്നതാണ്.

*വകുപ്പുകൾ*

*വകുപ്പ് 1.പേര്*

*കേച്ചേരിയൻസ്*
*2016 ഫെബ്രുവരി 26*

*വകുപ്പ് 2*.
*ആ സ്ഥാനം*

യു എ ഇ യിലെ ദുബായ് എമിറേറ്റ്

*വകുപ്പ് 3. ഉദ്ധേശലക്ഷ്യങ്ങൾ*

ചൂണ്ടൽ പഞ്ചായത്തിന്റെ പരിധിയിൽ പ്പെടുന്ന പ്രദേശങ്ങളിലെ യു എ ഇ യിലെ പ്രവാസികളായ മുഴുവൻ അംഗങ്ങളെയും ഒരു ചരടിൽ കോർത്തു കൊണ്ട് കേച്ചേരിയൻസ് എന്ന കൂട്ടായ്മ രൂപീകരിച്ച് അവരിൽ ഐക്യവും സഹവർത്തിത്വവും ഊട്ടിയുറപ്പിക്കുകയും അവരുടെ പൊതുവായ പ്രശ്നങ്ങളിൽ പരസ്പര സഹകരണത്തിലൂന്നി കൊണ്ടുള്ള കൂട്ടായ പവർത്തനങ്ങളിലൂടെ പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്യുക.
കേച്ചേരിയൻസിലെ അംഗങ്ങളുടെ സാമൂഹിക, സാംസ്ക്കാരിക, വിദ്യാഭ്യാസ, ആരോഗ്യ, തൊഴിൽ- വാണിജ്യപരമായ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ഏകോപിപ്പിച്ച് നടപ്പിലാക്കുകയും നമ്മുക്ക് ആഥിത്യമരുളുന്ന ഈ രാജ്യത്തിന്റെ നിയമങ്ങളെയും  ചട്ടങ്ങളെയും മാനിച്ച് കൊണ്ടും
ഇവിടുത്തെ സമൂഹത്തിനും ജനങ്ങൾക്കും യാതൊരുവിധ ബുദ്ധിമുട്ടുകളും ഇല്ലാതെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുവാൻ സന്നദ്ധത കാണിക്കുകയും ചെയ്യുക.

*ഉപവകുപ്പ്*

(a) മേൽപ്പറഞ്ഞ ഉദ്ധേശലക്ഷ്യങ്ങൾക്ക് വേണ്ടിയുള്ള സാമ്പത്തിക വിഭവ സമാഹരണം ഇതിലെ അംഗങ്ങളുടെ കൂട്ടുത്തരവാദത്തോടെ നടത്തുകയും ഉദ്ധേശലക്ഷ്യങ്ങൾക്കനുസൃതമായി അവ വിനിയോഗിക്കുയും ചെയ്യുക.

(b)  ദുബായ് ആസ്ഥാനമായി യുഎഇയിലെ പ്രവാസികളെ സംഘടിപ്പിച്ചാണ് കേച്ചേരിയൻസിന്റെ പ്രവർത്തനമെങ്കിലും കേച്ചേരിയൻസിന്റെ പരിധിയിൽ വരുന്ന നാട്ടിലെ എല്ലാവരുടെയും ഉന്നമനത്തിന് വേണ്ടിയുള്ള  പ്രവർത്തനങ്ങളിൽ കേച്ചേരിയൻസിന്റെ പരിധിയിൽ നിന്ന് കൊണ്ട് പരമാവധി സേവനങ്ങൾ നൽകുവാൻ മുൻകൈ എടുത്ത് പ്രവർത്തിക്കുക.

(C) ഈ ഭരണഘടനയിൽ പ്രത്യോകം എടുത്ത് പറഞ്ഞിട്ടില്ലാത്തതും എന്നാൽ കേച്ചേരിയൻസിന്റെ വിശാല താൽപര്യങ്ങൾ പരിഗണിക്കുമ്പോൾ ഇതിന്റെ അന്ത:സ്സത്ത  ഉൾക്കൊള്ളുന്നതുമായ വിഷയങ്ങളിൽ തീരുമാനം എടുത്ത് നടപ്പിലാക്കുക.

(d) പ്രവാസികളെന്ന നിലയിൽ സർക്കാരിൽ നിന്ന് ലഭ്യമാകാവുന്ന അവകാശങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കാൻ സമ്മർദ്ധ ശക്തിയായി നിലകൊള്ളുക.

*വകുപ്പ് 4. അംഗത്വത്തിനുള്ള യോഗ്യതകൾ*

a) യു എ ഇ യിലെ ഏതെങ്കിലും എമിറേറ്റ്സിൽ നിയമാനുസൃത താമസക്കാരനായിരിക്കണം.

(b ) കേച്ചേരിയൻസിന്റെ  പരിധിയിൽപ്പെടുന്ന പ്രദേശങ്ങളിൽ സ്ഥിരതാമസ്സക്കാരനോ കേച്ചേരിയുമായി മറ്റു വിധത്തിലുള്ള ബന്ധമുള്ളവരോ ആയിരിക്കണം.
താഴെ പറയുന്ന പ്രദേശങ്ങൾ ആണ് കേച്ചേരിയൻസിന്റെ പരിധി പ്രദേശങ്ങൾ.

(1. കേച്ചേരി, 2. ചിറനെല്ലൂർ, 3. മണലി 4. ആയ മുക്ക്, 5. പട്ടിക്കര, 6. പറപ്പൂർ,7. പാറന്നൂർ,8. ചൂണ്ടൽ ,9. തായം കാവ് ,10.തുവ്വാനൂർ, 11 വെട്ടുകാട്, 12 ചിറപ്പറമ്പ്, 13. ആളൂർ, 14. പെരുമണ്ണ്,

15.എരനെല്ലൂർ, 16. മഴുവഞ്ചേരി,
17. തലക്കോട്ട്ക്കര, 18. കൈപറമ്പ്.)

(C) 18 വയസ്സ് തികഞ്ഞ സ്ത്രീ-പുരുഷൻമാർ ആയിരിക്കണം.

(d) ഈ ഭരണഘടന അംഗീകരിക്കുകയും അതിലെ നിബന്ധനകളെല്ലാം പാലിക്കുമെന്ന പ്രതിജ്ഞയിൽ ഒപ്പിടുകയും പിന്നീട് അവ പാലിക്കുകയും കാലാകാലങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ അംഗീകരിക്കുകയും വേണം.

(e) സംഘടനയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളോട് സമാന ചിന്താഗതി പുലർത്തുന്നവരും യു എ ഇ യിലെ ഏതെങ്കിലും എമിറേറ്റിൽ താമസിച്ചിരുന്നവരുമായ കേച്ചേരിയൻസിന്റെ പരിധിക്കുള്ളിൽ ഉള്ള മുൻ പ്രവാസികൾക്കും അവരുടെ ആഗ്രഹം പരിഗണിച്ച് സംഘടനയിൽ അംഗമായി പ്രവർത്തിക്കാവുന്നതാണ്.

*വകുപ്പ് 5 : അംഗങ്ങൾക്കുള്ള നിബന്ധനകളും*
*പെരുമാറ്റ ചട്ടങ്ങളും*.

(a) ഓരോ അംഗവും ഈ ഭരണഘടന അംഗീകരിക്കുകയും അതനുസരിച്ചുള്ള സംഘടനയുടെ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാവുകയും കാലാകാലങ്ങളിൽ സംഘടനയെടുക്കുന്ന തീരുമാനങ്ങളനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതാണ്.

(b) രാഷ്ട്രീയവും സാമുദായികവും വിഭാഗീയവുമായ അഭിപ്രായ വിത്യാസങ്ങൾക്കതീതമായി ഓരോ അംഗവും സംഘടനയുടെ പൊതുവായ താൽപര്യം അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

(c) സംഘടനയുടെ മേൽവിലാസവും പേരും വ്യക്തിപരമായ നേട്ടങ്ങൾക്കായി അംഗങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

(d) അംഗങ്ങൾക്ക് അവരവരുടെ മതപരവും രാഷ്ട്രീയവുമായ ചിന്താഗതി വെച്ച് പുലർത്തുവാനും അതനുസരിച്ച് പ്രവർത്തിക്കാനും അവകാശമുണ്ടെങ്കിലും പ്രസ്തുത താൽപര്യങ്ങൾക്കായി സംഘടനയെ ഉപയോഗിക്കാനോ സംഘടനാ കാര്യങ്ങളിൽ പ്രസ്തുത താൽപര്യങ്ങൾ കൂട്ടിക്കലർത്തുവാനോ പാടുള്ളതല്ല.

(e) അംഗങ്ങൾ പരമാവധി ഈ നാടിന്റെ സദാചാര, ധാർമ്മിക, ചട്ടങ്ങൾ പാലിക്കേണ്ടതാണ്.

*വകുപ്പ് 6: അംഗത്വ ഘടന*.

(a) സാധാരണ അംഗത്വം

ഈ ഭരണഘടനയുടെ ചട്ടങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കാൻ സന്നദ്ധരായി ചട്ടപ്രകാരം നിശ്ചിത അംഗത്വ ഫീസ് അടച്ച് ഭരണഘടന പ്രതിജ്ഞയിൽ ഒപ്പുവെക്കുന്ന യു എ ഇ യിലെ ഏതെങ്കിലും എമിറേറ്റിൽ നിയമാനുസൃതം താമസിക്കുന്ന കേച്ചേരിയൻസ് പ്രദേശവാസികളായ ഓരോരുത്തരും മേൽപ്പറഞ്ഞ എല്ലാ കാര്യങ്ങളും ഒത്തുവരുന്ന കാലത്തോളം സംഘടനയിലെ സാധാരണ അംഗങ്ങളായിരിക്കും.

(b)മേൽപ്പറഞ്ഞ പ്രകാരം സംഘടനയിൽ അംഗമാവുകയും പ്രത്യേക സാഹചര്യങ്ങളിൽ യുഎഇയ്ക്ക് പുറത്തു ഇന്ത്യയിലോ മറ്റു ഏതെങ്കിലും രാജ്യത്ത് പ്രവാസിയായി തുടരുകയും ചെയ്യുന്നവർക്ക് തുടരാൻ ആഗ്രഹമുണ്ടെങ്കിൽ പ്രത്യേകമായി തുടരാവുന്നതാണ്.

(c) മേൽപ്പറഞ്ഞ പ്രകാരം ( വകുപ്പ് 6a ) അംഗീകരിക്കുന്നവരും എന്നാൽ  കേച്ചേരിയൻസിന്റെ പരിധി പ്രദേശങ്ങളിലുള്ളവരുമായവർക്ക് വകുപ്പ് 4 b; പ്രകാരവും സാധാരണ അംഗത്വത്തിന് അപേക്ഷിക്കാവുന്നതാണ്.

(c) മേൽപ്പറഞ്ഞ പ്രകാരം ( വകുപ്പ് 6a ) അംഗീകരിച്ച് പ്രവർത്തിക്കുന്ന കേച്ചേരിയൻസിലെ ഏല്ലാ സാധാരണ അംഗത്തിന്റെയും 18 വയസ്സ് തികയാത്ത മക്കൾക്കും , ജീവിത പങ്കാളിക്കും ആവശ്യമെങ്കിൽ,കോർടീമിന്റെ അംഗീകാരത്തിന് വിധേയമായി മെമ്പറാകുവാൻ പറ്റുന്നതാണ് എന്നാൽ സമ്മതിദാന അവകാശം (voting right) ഉണ്ടായിരിക്കുന്നതല്ല .

*വകുപ്പ് 7 അംഗത്വ ഫീസ്*

(a)കേച്ചേരിയൻസിൽ അംഗമാകുന്നതിന് ഓരോ അംഗവും രജിസ്ട്രേഷൻ ഫീസായി ഓരോ വർഷവും 50 ക. അടയ്ക്കേണ്ടതാണ്.

(b)ഓരോ അംഗങ്ങളും
ഓരോ വർഷവും 50 ക. രജിസ്ട്രേഷൻ ഫീസ് അടച്ചു കൊണ്ട് ഓരോ വർഷവും അംഗത്വം പുതുക്കേണ്ടതാണ്.
(b-a) ആ ജീവനാന്ത കാല അംഗത്വം വേണ്ടവർക്ക് 500 ക അടച്ചു കൊണ്ട് എടുക്കാവുന്നതാണ്.

(b1) അംഗത്വ കാലാവധി

(b1a) എല്ലാവർഷവും ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെ.

(b1 b) ജനുവരി ഒന്നു മുതൽ മാർച്ച് 31 നുള്ളിൽ അംഗത്വം പുതുക്കേണ്ടതാണ്.

(b1 c) b 1 b പ്രകാരം ഓരോ വർഷവും മാർച്ച് 31 നുള്ളിൽ അംഗത്വം പുതുക്കിയില്ലെങ്കിൽ പിഴ കൂടാതെ ആ വർഷം ഡിസംബർ 31 വരെ പുതുക്കാവുന്നതാണ്.

(b1d) b 1c പ്രകാരം ഡിസംബർ 31 നുള്ളിലും അംഗത്വം പുതുക്കിയില്ലെങ്കിൽ ആവർഷം മുതൽ പിഴയായി ഓരോ വർഷത്തിനും (പുതുക്കുന്നവർഷം വരെ) 10 ക ഈടാക്കുന്നതാണ്.

(c)ഏതെങ്കിലും വർഷം അംഗത്വ ഫീസ് അടക്കാൻ കഴിയാതെ വരികയാണെന്ന് ഉണ്ടെങ്കിൽ പിഴയോടെ കുടിശ്ശിക അടച്ച് തീർക്കുന്നതുവരെ താൽക്കാലികമായി അംഗത്വം ദുർബലപ്പെടുന്നതാണ്.

(ca) കേച്ചേരിയൻസിന്റെ ഒരു  പരിപാടികൾക്കും പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

(d)  അതാത് കാലത്തെ കോർടീമിന് സാഹചര്യങ്ങൾക്കനുസരിച്ച് ഭരണഘടന ചട്ടങ്ങൾക്കു വിധേയമായി വരിസംഖ്യ മാറ്റംവരുത്താനുള്ള അധികാരമുണ്ടായിരിക്കും

*വകുപ്പ് 8: അംഗത്വം ദുർബലപ്പെടൽ*

(a) ഈ ഭരണഘടനയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന അംഗങ്ങളുടെ അംഗത്വം ഭരണഘടനയിൽ പറയുന്ന നടപടിക്രമങ്ങൾക്കു വിധേയമായി ദുർബലപ്പെടുന്നതാണ്.

(b) വകുപ്പ് 7c പ്രകാരം (വരിസംഖ്യ കുടിശിക) അംഗത്വം ദുർബലപ്പെടുന്നവർക്ക് അംഗങ്ങൾക്ക് നൽകിയിട്ടുള്ള യാതൊരു അധികാരവും ഉണ്ടായിരിക്കുന്നതല്ല.

*വകുപ്പ് 9: അച്ചടക്ക നടപടികൾ*

(a) ഭരണഘടനയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന അംഗങ്ങളുടെ മേൽ അച്ചടക്ക നടപടി സ്വീകരിക്കുവാൻ കോർടീമിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

*ഉപവകുപ്പുകൾ*

9(a_1) അച്ചടക്ക ലംഘനം നടത്തുന്നവർക്ക് കോർ ടീം 15 ദിവസത്തെ കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതാണ്.

9 (a-2)കാരണം കാണിക്കൽ നോട്ടീസിന് മറുപടി രേഖാമൂലം അംഗങ്ങൾ കോർടീമിന് 15 ദിവസത്തിനുള്ളിൽ നൽകേണ്ടതാണ്.

9( a-3) മേൽപ്പറഞ്ഞ പ്രകാരം രേഖാമൂലം നൽകുന്ന മറുപടി തൃപ്തികരമല്ലെങ്കിൽ തക്കതായ നടപടി സ്വീകരിക്കുവാൻ കോർടീമിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(b) വകുപ്പ് 8(a) പ്രകാരം അംഗത്വം ദുർബലപ്പെടുന്നവർക്ക് തങ്ങളുടെ തെറ്റ് തിരുത്തി മുന്നോട്ടു പോവാൻ 9 (a_1) , 9 (a-2 ), 9( a_3) ഉപവകുപ്പ് നടപടിക്രമങ്ങൾ പ്രകാരം അവസരം നൽകേണ്ടതാണ്.

*വകുപ്പ് 10: സംഘടനയുടെ ഘടനയും സംവിധാനവും*

(a) സംഘടനക്ക് എല്ലാ അംഗങ്ങളും ഉൾപ്പെടുന്ന ഒരു ജനറൽ ബോഡിയും അതിൽനിന്നും തിരഞ്ഞെടുക്കുന്ന ഒരു 33 അംഗ കോർ കമ്മിറ്റി യും കോർ കമ്മിറ്റിയിലെ 11 അംഗങ്ങൾ ചേർന്ന ഒരു സ്റ്റിയറിംഗ് കമ്മിറ്റിയും ഉണ്ടായിരിക്കും.

a (1) സ്റ്റിയറിംഗ് കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെ പരമാവധി 33 അംഗങ്ങൾ ഉൾപ്പെടുന്നതായിരിക്കും കോർ കമ്മിറ്റി.

a( 2) പ്രസിഡന്റ്, ജനറൽ സെക്രട്ടറി, രണ്ടുവൈസ് പ്രസിഡന്റ്മാർ, രണ്ട് സെക്രട്ടറിമാർ, ട്രഷറർ, രക്ഷാധികാരി(എത്തിക്സ് ടീം ഹെഡ്) എന്നിവർ ഉൾപ്പെടുന്നതായിരിക്കും സ്റ്റിയറിംഗ് കമ്മിറ്റി.

(b) കാലാകാലങ്ങളിലുള്ള സംഘടനയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി അവശ്യഘട്ടങ്ങളിൽ വിവിധ പദ്ധതികൾക്കായി ഉപ സമിതികൾ രൂപീകരിക്കാൻ കോർ കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കും

(c) കോർ കമ്മിറ്റിയുടെയും സ്റ്റിയറിംഗ് കമ്മിറ്റിയുടെയും കാലാവധി മൂന്നു വർഷമായിരിക്കും.

*വകുപ്പ് 11: അധികാരങ്ങൾ , ചുമതലകൾ*

11-(a) ജനറൽ ബോഡിയുടെ അധികാരങ്ങൾ

11-a (1) ഭരണഘടനയുടെ ചട്ടങ്ങൾക്കു വിധേയമായി കോർ കമ്മിറ്റിയും സ്റ്റിയറിംഗ് കമ്മിറ്റിയും തിരഞ്ഞെടുക്കുക.

11-a(2)സ്റ്റിയറിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.

11_a (3)  സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിഗണനക്കായി പുതിയ പദ്ധതികളും പരിപാടികളും നിർദ്ദേശിക്കുക.

11-a (4) ആമുഖത്തിലെ നാലാം ഖണ്ഡിക വിധേയമായി ആവശ്യമുള്ള ഘട്ടത്തിൽ ഭരണഘടന ഭേദഗതി ചെയ്യുക.

11-a (5) ഓഡിറ്ററെ തെരെഞ്ഞെടുക്കാനുള്ള അധികാരം ജനറൽ ബോഡിക്കായിരിക്കും

*11-(b) കോർകമ്മിറ്റിയുടെ അധികാരങ്ങളും   ചുമതലകളും, മെമ്പറാവാനുള്ള യോഗ്യതകളും

11_b (1) സംഘടനയുടെ നയരൂപീകരണത്തിലും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുമുള്ള പൂർണ്ണമായ അധികാരാവകാശങ്ങളും ഉത്തരവാദിത്തവും ചുമതലയും കോർ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

11_b (2) സ്റ്റിയറിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുക.

11-b (3) ആവശ്യമായ ഘട്ടങ്ങളിൽ താൽക്കാലിക ഉപസമിതികളും പ്രത്യേകാധികാര സമിതികളും രൂപീകരിക്കുക.

11-b (4)സംഘടനയുടെ വിഭവസമാഹരണം സമാഹരിച്ച് വിഭവങ്ങളുടെ യഥാർഥത്തിലുള്ള വിനിയോഗം മറ്റ് ധനാഗമമാർഗങ്ങൾ ആരാഞ്ഞ് പദ്ധതികൾ ആവിഷ്കരിക്കുക തുടങ്ങിയവ കോർകമ്മിറ്റിയുടെ ചുമതലകളാണ്.

11-b (5) പ്രാദേശിക അടിസ്ഥാനത്തിൽ ഒരു മെമ്പറെയെങ്കിലും കോർ കമ്മിറ്റിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

11-b (6) മൂന്ന് വർഷം സ്ഥിരാംഗത്വം ഉള്ളവരും ഈ മൂന്ന് വർഷവും മെമ്പർഷിപ്പ് കുടിശ്ശിക വരുത്താത്തവർക്കും ആണ്  മുൻഗണന നൽകേണ്ടത്.

11-b (7)11-b 6 പ്രകാരമുള്ള മെമ്പർ ഇല്ലാതെ വരുകയാണെങ്കിൽ മാത്രമേ മറ്റു രീതിയിൽ പരിഗണിക്കേണ്ടതുള്ളൂ.

11-b (8) ഓരോ ജനറൽ ബോഡി കളിലും നിലവിലുള്ള സ്റ്റിയറിംഗ് കമ്മിറ്റിയിലെ 11 അംഗങ്ങളെ കേച്ചേരിയൻസിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി അടുത്ത കോർ കമ്മിറ്റി അംഗങ്ങളായി നിലനിർത്തേണ്ടതാണ്.

11-b (9) സ്റ്റിയറിങ് കമ്മിറ്റിയിലേക്കുള്ള ഭാരവാഹിത്വം പരമാവധി തുടർച്ചയായ രണ്ട് തവണയായി നിജപ്പെടുത്തിയിരിക്കുന്നു.

*11(c) സ്റ്റിയറിംഗ് കമ്മിറ്റിയുടെ*
*അധികാരങ്ങളും* *ചുമതലകളും*

സംഘടനയുടെയും അതിനെ കീഴിലുള്ള സമിതികളുടെയും പ്രവർത്തന മാർഗ്ഗങ്ങൾ ഭരണഘടനയുടെ ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും വിധേയമായി നിർണയിക്കുകയും ക്രമപ്പെടുത്തുകയും
സംഘടനയുടെ സുഗമമായ നടത്തിപ്പിനുവേണ്ടി പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടത്

സ്റ്റിയറിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.
പ്രസിഡൻറ് അവധിയെടുക്കുമ്പോഴോ പ്രസിഡന്റിന്  ചുമതലകൾ വഹിക്കാൻ കഴിയാത്ത സാഹചര്യത്തിലോ നിലവിലുള്ള രണ്ടു  വൈസ് പ്രസിഡണ്ടുമാരിൽ നിന്നും ഒരു ആക്ടിംഗ് പ്രസിഡന്റിനെ തെരഞ്ഞെടുക്കുവാൻ സ്റ്റിയറിംഗ് കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കും.

സ്റ്റിയറിംഗ് കമ്മിറ്റിയിൽ എടുക്കുന്ന തീരുമാനങ്ങൾ കോർ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി മാത്രമേ നടപ്പിലാക്കാൻ കഴിയുകയുള്ളൂ മറ്റു സാഹചര്യങ്ങൾ ഉണ്ടാവുകയാണെങ്കിൽ കോർടീമിലെ ഭൂരിപക്ഷത്തിന്റെ തീരുമാനത്തിന് വിടേണ്ടതാണ്.

കേച്ചേരിയൻസിന്റെ സംഘടനാ നിർവ്വഹണത്തിന്റേയും കൂട്ടായ്മ നിലനിർത്തുന്നതിന്റെയും ഭാഗമായി കാലാകാലങ്ങളിൽ കേച്ചേരിയൻസിന്റെ ഉദ്ധേശലക്ഷ്യങ്ങളേയും ,പെരുമാറ്റ ചട്ടങ്ങളെയും ഉയർത്തിപ്പിടിച്ച് കൊണ്ട് കേച്ചേരിയൻസിന്റെ പേരിൽ സോഷ്യൽ മീഡിയ ,ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതിനും നിയന്ത്രിക്കുന്നതിനും കോർകമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

*11.- C ( c-1) പ്രസിഡന്റ്*

11- (c-1) a സംഘടനയുടെ പ്രവർത്തനങ്ങൾക്കും ഉത്തരവാദിത്വങ്ങൾക്കും നേതൃത്വവും മേൽനോട്ടം വഹിക്കുക, കോർ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ഒറ്റക്കോ കൂട്ടായോ ആവശ്യമായ തലങ്ങളിൽ സംഘടനയെ പ്രതിനിധീകരിക്കുക.

11- (c-1) b സംഘടനയുടെ എല്ലാ യോഗങ്ങളിലും അധ്യക്ഷം വഹിക്കുക.

11- (c-1) c അടിയന്തിരഘട്ടങ്ങളിൽ ജനറൽ സെക്രട്ടറിയുടെ അഭാവത്തിലോ, ജനറൽ സെക്രട്ടറി വിളിച്ചുകൂട്ടാൻ വിസമ്മതിക്കുന്ന പക്ഷമോ നേരിട്ട് യോഗങ്ങൾ വിളിച്ചു ചേർക്കുക.

*11-(C-2 ) വൈസ് പ്രസിഡന്റുമാർ*

11-(c-2)a സംഘടന കാര്യങ്ങളിൽ എല്ലാവിധത്തിലും എല്ലായ്പ്പോഴും പ്രസിഡണ്ടിന്റെ സഹായിയായി വർത്തിക്കുക.

11-(C-2) b പ്രസിഡന്റിന്റെ അഭാവത്തിലോ അല്ലെങ്കിൽ പ്രസിഡൻറ് ചുമതലയേൽപ്പിക്കുന്ന പക്ഷമോ അദ്ദേഹത്തിൻറെ അധികാരാവകാശങ്ങളും ചുമതലകളും വഹിക്കുകയും നിർവ്വഹിക്കുകയും ചെയ്യുക.

*11-(C-3) ജനറൽ സെക്രട്ടറി*

11-(C-3) a സംഘടനയുടെ ദൈനംദിന ഭരണത്തിൻറെ ഉത്തരവാദിത്വവും ഭരണഘടനക്ക് വിധേയമായി സംഘടനയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടവും ചുമതലകളും ജനറൽ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

11-(C-3) b സംഘടനയുടെ എല്ലാ രേഖകളും എഴുത്തുകുത്തും യോഗത്തിന്റെ മിനുട്സുകളും വാർഷിക റിപ്പോർട്ടും വരവ് ചിലവ് കണക്കുകളും തയ്യാറാക്കി കോർകമ്മിറ്റിക്കും ജനറൽ ബോഡിക്കും സമർപ്പിക്കുക.

11-(C-3) c പ്രസിഡന്റിന്റെ നിർദ്ദേശപ്രകാരം യോഗങ്ങൾ വിളിച്ചു ചേർക്കുക.

11-(C-3) d സംഘടനയുടെ ധനമിടപാട് സംബന്ധിച്ച രേഖകൾ പരിശോധിച്ച് അംഗീകാരം നൽകുക.

*11-(C- 4) സെക്രട്ടറിമാർ*

11-(C- 4) a സംഘടന കാര്യങ്ങളിൽ എല്ലാവിധത്തിലും ജനറൽ സെക്രട്ടറിയുടെ സഹായിയായി വർത്തിക്കുക.

11-(C- 4) b ജനറൽ സെക്രട്ടറിയുടെ അഭാവത്തിലോ അല്ലെങ്കിൽ അദ്ദേഹം ചുമതല ഏൽപ്പിക്കുമ്പോഴോ ജനറൽ സെക്രട്ടറിയുടെ എല്ലാ അധികാരാവകാശങ്ങളും ചുമതലകളും വഹിക്കുക.

*11-(C- 5 ) ട്രഷറർ*

11-(C- 5 ) a സംഘടനയുടെ എല്ലായിനത്തിലുള്ള ഫണ്ടുകളുടെയും അതിൻറെ കണക്കുകളുടെയും വിനിയോഗത്തിന്റെയും ചുമതല ഭരണഘടനക്ക് വിധേയമായി വഹിക്കുക.

11-(C- 5 ) b ജനറൽ സെക്രട്ടറിയോടൊത്ത് വാർഷിക ബഡ്ജറ്റ് തയ്യാറാക്കുക.

11-(C- 5 ) c  ഭരണഘടനാനുസൃതം സംഘടനക്കുവേണ്ടി ബാങ്ക് അക്കൗണ്ട് തുടങ്ങിയ ധനം ഇടപാട് നടത്തുക.

11-(C- 5 ) d എല്ലാവർഷവും ഓഡിറ്റ് റിപ്പോർട്ട്
എത്തിക്സ് കമ്മിറ്റിയുടെയും ,പുതിയ കമ്മിറ്റിയുടേയും മുമ്പാകെ സബ്മിറ്റ് ചെയ്ത് പാസ്സാക്കുക.

11-(C- 5 ) e ജനറൽ ബോഡിയിൽ നിലവിലെ കമ്മിറ്റിയുടെ മുഴുവൻ കണക്കുകളും ഓഡിറ്റർ റിപ്പോർട്ടും ബാക്കി വരുന്ന സംഖ്യയും പുതിയ കമ്മിറ്റിക്ക് മുമ്പാകെ ഹാജരാക്കേണ്ടതാണ്.

11-(C- 6 ) എത്തിക്സ് കമ്മിറ്റി

സ്റ്റിയറിങ്ങ് കമ്മിറ്റി ഭാരവാഹികളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുക.
(a ) 50 വയസ്സോ അതിനു മുകളിലുള്ളവരോ  ആയ മെമ്പർമാർക്കാണ് മുൻഗണന നൽകേണ്ടത്. എത്തിക്സ് കമ്മിറ്റിയിൽ കുറഞ്ഞത് 3ഉം, പരമാവധി 5ഉം, അംഗങ്ങളടങ്ങുന്ന  ഒരു കമ്മിറ്റിയാണ് രൂപീകരിക്കേണ്ടത്.
(b) 5 വർഷം സ്ഥിരാംഗത്വം ഉള്ളവർക്കായിരിക്കണം മുൻഗണന നൽകേണ്ടത്.
(c) 5 വർഷം വരെ  വരിസംഖ്യ കുടിശ്ശിക വരുത്താത്തവർക്കായിരിക്കണം  മുൻഗണന നൽകേണ്ടത്.
(d) C പ്രകാരം മെമ്പർമാർ ഇല്ലാതെ വന്നാൽ മാത്രമേ മറ്റുള്ളവരെ പരിഗണിക്കേണ്ടതുള്ളൂ.
(e) എല്ലാ ഉപസമിതികളിലും എത്തിക്സ് കമ്മിറ്റിയിൽ നിന്ന് ഒരു മെമ്പറെ,  എത്തിക്സ് കമ്മിറ്റി അംഗമായി കൊണ്ട് , എത്തിക്സ് കമ്മിറ്റി നിർദ്ധേശിക്കുന്ന ആളെ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.
(f) എത്തിക്സ് കമ്മിറ്റി മെമ്പർമാർക്ക് കേച്ചേരിയൻസുമായി ബന്ധപെട്ടിട്ടുള്ള മറ്റു ഔദ്യോഗിക പദവികൾ വഹിക്കുവാൻ പാടുള്ളതല്ല.

(d) ജനറൽ ബോഡിക്ക് മുന്നെ കോർ കമ്മിറ്റിയുടെ അവസാന മീറ്റിങ്ങിൽ നിലവിലെ എത്തിക്സ് കമ്മിറ്റി പിരിച്ച് വിടുകയും പുതിയ എത്തിക്സ് കമ്മിറ്റി തിരഞ്ഞെടുക്കുകയും വേണം.

( c) ജനറൽ ബോഡിയിൽ വരണാധികാരിയുടെ ചുമതല എത്തിക്സ് കമ്മിറ്റിക്കായിരിക്കും

*വകുപ്പ് 12: ഫണ്ട് , ബാങ്കിങ്ങ്*

(a) അംഗത്വഫീസ് മാസ വരിസംഖ്യ തുടങ്ങിയ വരുമാനങ്ങൾ സംഘടനയുടെ പൊതുഫണ്ടായി കരുതപ്പെടുന്നതാണ്.

(b) കാലാകാലങ്ങളിൽ ആവശ്യമായ ഘട്ടങ്ങളിൽ വിവിധ പദ്ധതികൾക്കായി സമാഹരിക്കുന്ന ഫണ്ടുകൾ പ്രത്യേക ഫണ്ടായി സമാഹരിച്ച് ആവശ്യാനുസരണം വിനിയോഗിക്കേണ്ടതാണ്.

(c)മേൽപ്പറഞ്ഞ പ്രത്യേക ഫണ്ടിൽ നിന്നും മിച്ചം വരുന്ന സംഖ്യ അടുത്ത പദ്ധതികൾക്കുള്ള റിസർവ്വ് ഫണ്ടായി കരുതേണ്ടതാണ്.

(d) സംഘടനയുടെ എല്ലാവിധ ഫണ്ടുകളും ഭരണഘടനാപ്രകാരം ബാങ്ക് അക്കൗണ്ട് തുടങ്ങി അതിൽ നിക്ഷേപിക്കേണ്ടതാണ്.

(d-1) സ്റ്റിയറിങ്ങ് കമ്മിറ്റി അതതുകാലത്ത് തീരുമാനിക്കുന്ന ബാങ്കിലോ,ബാങ്കുകളിലോ സംഘടനക്ക് അക്കൗണ്ട് തുടങ്ങാവുന്നതാണ്.

(d - 2) ട്രഷറർ ,പ്രസിഡണ്ട് ,ജനറൽസെക്രട്ടറി  എന്നീ ഭാരവാഹികളുടെ പേരിലാണ് അക്കൗണ്ട് തുടങ്ങേണ്ടത് ഇവരിൽ ട്രഷററുടെ യും മറ്റൊരംഗത്തിന്റെയും ഒപ്പോടുകൂടി അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യേണ്ടതാണ്.

(d - 3) ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ക്രമക്കേടുകൾ ഓഡിറ്റർ, ജനറൽ ബോഡിക്ക് മുൻപാകെ ബോധ്യപ്പെടുത്തുന്ന പക്ഷം ആവശ്യമായ നിയമ നടപടിക്രമങ്ങൾ കൈകൊള്ളുവാൻ ഉള്ള ചുമതലയും സാമ്പത്തിക ക്രമക്കേടുകൾക്ക് അനുപാതികമായി നഷ്ടപരിഹാര തുകയും നിയമ നടപടി ചിലവുകളും ( ഇന്ത്യയിലെ നിയമത്തിനനുസരിച്ച് )
വസൂലാക്കി സംഘടനയുടെ സാമ്പത്തിക ഭദ്രതയും ഐക്യവും നിലനിർത്തേണ്ട ചുമതലയും കാലാകാലങ്ങളിലുള്ള കോർ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

*വകുപ്പ് 13 : യോഗങ്ങൾ*

( a ) സംഘടനയുടെ ജനറൽബോഡിയോഗം ചുരുങ്ങിയത് മൂന്ന് വർഷത്തിലൊരിക്കലെങ്കിലും ചേരേണ്ടതാണ്.

( b) ആവശ്യമായ ഘട്ടങ്ങളിൽ സ്റ്റിയറിങ്ങ് കമ്മിറ്റി യോഗം ചേർന്ന് ആവശ്യമായ തീരുമാനങ്ങൾ ഭരണഘടനാനുസൃതം എടുക്കാവുന്നതാണ്.

(c) ജനറൽബോഡി യോഗത്തിൽ ചുരുങ്ങിയത്  30  ദിവസം മുമ്പെങ്കിലും അംഗങ്ങളെ രേഖാമൂലം അറിയിച്ചിരിക്കേണ്ടതാണ്.

(d) ലഭ്യമായ എല്ലാ സംവിധാനങ്ങളും ഉപയോഗിച്ച് സന്ദേശം അയക്കാവുന്നതാണ്.

(e) എന്നാൽ അടിയന്തരഘട്ടങ്ങളിൽ ചേരുന്ന ജനറൽബോഡി യോഗങ്ങൾക്ക് 3 ദിവസം മുൻപ് ടെലഫോൺ സന്ദേശം നൽകിയാലും മതിയാവുന്നതാണ്.

(f) കോർ കമ്മിറ്റിയുടെയും സ്റ്റിയറിങ്ങ് കമ്മിറ്റിയുടെയും യോഗങ്ങൾക്ക് 2 ദിവസം മുൻപ് ടെലഫോൺ സന്ദേശം നൽകിയാൽ മതിയാവുന്നതാണ്
എന്നാൽ ഏറ്റവും അടിയന്തിരഘട്ടങ്ങളിൽ 2 ദിവസത്തിലും കുറഞ്ഞ സമയത്തിൽ സന്ദേശംനൽകി യോഗം വിളിച്ചുചേർക്കാൻ പ്രസിഡണ്ടിനും ജനറൽ സെക്രട്ടറിക്കും അധികാരമുണ്ടായിരിക്കുന്നതാണ്.

(g) വർഷത്തിൽ 6 തവണയിൽ കുറയാതെ
കോർകമ്മിറ്റി ചേരേണ്ടതാണ്.

( a-1) ജനറൽ ബോഡി നടപടിക്രമങ്ങൾക്ക് ശേഷം നിലവിലെ കമ്മിറ്റി പിരിച്ച് വിടുകയും പുതിയ കമ്മിറ്റി നിലവിൽ വരുന്നത് വരെയുള്ള ജനറൽ ബോഡിയുടെ പൂർണ്ണ ചുമതല എത്തിക്സ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

*വകുപ്പ് 14: ക്വാറം*

(a) ജനറൽ ബോഡിയോഗത്തിന് കുറഞ്ഞത് ആകെ അംഗങ്ങളുടെ 51% ഹാജർ ഉണ്ടായിരിക്കണം കോർ കമ്മിറ്റി യോഗത്തിന് അംഗങ്ങളുടെ മൂന്നിൽരണ്ട് ആയിരിക്കും ക്വാറം അത്യാവശ്യഘട്ടങ്ങളിൽ ഭരണഘടനപ്രകാരം തീരുമാനങ്ങളെടുക്കാൻ സ്റ്റിയറിങ്ങ് കമ്മിറ്റി അംഗങ്ങളുടെ മൂന്നിൽ രണ്ടു ഭൂരിപക്ഷം മതിയാവുന്നതാണ്. ഏതെങ്കിലും നിശ്ചിത യോഗ ത്തിന് ക്വാറം തികയാതെ വന്നാൽ അന്നത്തെ യോഗം മാറ്റി 15 ആം വകുപ്പിലെ ചട്ടങ്ങൾ പ്രകാരം വീണ്ടും യോഗം വിളിച്ചു ചേർക്കേണ്ടതാണ്.

(b) വ്യക്തമായ കാരണങ്ങൾ കൂടാതെ തുടർച്ചയായ മൂന്ന് യോഗങ്ങളിൽ പങ്കെടുക്കാത്ത കോർ കമ്മിറ്റി  അംഗങ്ങൾക്ക് പ്രസ്തുത സ്ഥാനം
നഷ്ടമാകുന്നതാണ് പ്രസ്തുത സാഹചര്യത്തിൽ പകരം പുതിയ അംഗത്തെ ചേർക്കാൻ ഉള്ള അധികാരം കോർ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.

*വകുപ്പ് 15: അവിശ്വാസം*

സ്റ്റിയറിങ് കമ്മിറ്റിയുടെ മൊത്തം പേരിലോ ഒന്നോ അതിലധികമോ സ്റ്റിയറിങ് കമ്മിറ്റി അംഗങ്ങളുടെ പേരിലോ അവിശ്വാസം കൊണ്ടുവരാൻ കോർ കമ്മിറ്റിയിലെ മൊത്തം അംഗങ്ങളുടെ മൂന്നിലൊരുഭാഗം രേഖാമൂലം ആവശ്യപ്പെടണം.
അവിശ്വാസപ്രമേയം കിട്ടിക്കഴിഞ്ഞ് 15 ദിവസങ്ങൾക്കകം ബന്ധപ്പെട്ടവർ യോഗംവിളിച്ചു ചേർക്കേണ്ടതാണ് അവിശ്വാസ പ്രമേയം പാസാക്കാൻ കോർ കമ്മിറ്റിയിലെ മൊത്തം അംഗങ്ങളിൽ കേവലഭൂരിപക്ഷം വേണം.
പ്രമേയം പാസ്സായാലും
തള്ളപ്പെട്ടാലും അക്കാര്യം 30 ദിവസത്തിനകം ജനറൽബോഡി വിളിച്ചുചേർത്ത് അറിയിക്കേണ്ടതാണ്.

*വകുപ്പ് 16: ഭരണഘടനാ ഭേദഗതി*.

ആവശ്യമായ ഘട്ടങ്ങളിൽ ഈ ഭരണഘടനയിൽ ഭേദഗതി വരുത്താനുള്ള അധികാരം ജനറൽ ബോഡിക്ക് മാത്രമായിരിക്കും അപ്രകാരം ചേരുന്ന ജനറൽബോഡിയിൽ കേവലഭൂരിപക്ഷം ഉണ്ടെങ്കിൽ മാത്രമേ ഭേദഗതി പാസ്സാവുകയുള്ളൂ..